വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

20(*50) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് സാമൂഹ്യവിരുദ്ധരുടെ ശല്യം ഉണ്ടാകുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, അത്തരക്കാരെ അമർച്ച ചെയ്യുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സുരക്ഷാഗാർഡുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ മുഖ്യമായി ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിയിൽ വിവിധ ഡെസ്റ്റിനേഷനുകളെ ഉൾപ്പെടുത്തി ഡെസ്റ്റിനേഷൻ സർക്യൂട്ട് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന് പുറമേ ചെറിയ ടൂറിസം പദ്ധതികൾ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന നടപ്പിലാക്കുന്നു. ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന വികസനം ഒരുക്കുന്നതിനുവേണ്ടിയും അവയുടെ പരിപാലനത്തിനുമായി 37 ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ അതാത് എംഎൽഎ-മാരുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചുകഴിഞ്ഞു. ഇതനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രാഥമിക സൗകര്യങ്ങളും വിനോദസഞ്ചാര സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യ മേഖലയുടെ സഹകരണത്തോടെ വഴിയോരം പദ്ധതി നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണ പദ്ധതികൾ കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നത് തുടരുന്നതാണ്. എന്റെ ഗ്രാമം ടൂറിസം സൗഹൃദ ഗ്രാമം എന്ന പദ്ധതിയിൽപ്പെടുത്തി ഗ്രാമങ്ങളിലെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്ന നടപടി നടന്നുവരുന്നു. മലബാർ പാക്കേജിൽ ഉൾപ്പെടുത്തി മലബാറിലെ പ്രധാനപ്പെട്ട 20 റോഡുകളുടെ വികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ വികസന പദ്ധതികൾ നടന്നുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളിൽ ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ സഞ്ചാരികളുടെ തിരക്ക് വർദ്ധിക്കുന്ന അവസരത്തിൽ ലോക്കൽ പോലീസിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്.

(ഡി) പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ എല്ലാം തന്നെ നിലവിൽ ടൂറിസം പോലീസിന്റേയും ലോക്കൽ പോലീസിന്റേയും സേവനം ലഭ്യമാണ്. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സുരക്ഷാ ഗാർഡുകളെ നിയമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിന്റെ നവീകരണം

21(*31) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ഹംസ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നവീകരണ പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(സി) ഫയർ ഫോഴ്സ് വിഭാഗം ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളിൽ ഏതെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

(ഇ) ജോലിക്കിടെ അപകടത്തിൽപ്പെടുന്ന ഫയർഫോഴ്സ് ജീവനക്കാരെ സഹായിക്കുന്നതിനായി സഹായനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിനായി ചുവടെ കൊടുത്തിരിക്കുന്ന അത്യന്താധുനിക വാഹനങ്ങളും ജീവൻരക്ഷാ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വാട്ടർ ടെണ്ടർ, മിനി വാട്ടർ ടെണ്ടർ, അണ്ടർ വാട്ടർ ബിഎ സെറ്റ്, ബിഎ. സെറ്റ്, ഡൈവിംഗ് സ്യൂട്ട്, ഫയർ എൻട്രി സ്യൂട്ട്, വെൽ ലിഫ്റ്റ്, മോഡേൺ ബ്രാഞ്ച് പൈപ്പ്, റോപ്പ് ലാഡർ, ചെയിൻസാ, ഹൈഡ്രോളിക്

LIBRARY ARCHIVES Kerala Legislative Assembly